തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:10-01-2024

**മിനിട്ട്സ്**

കോട്ടയം ജില്ലാ സ്ഥിരം അദാലത്ത് സമിതിയുടെ ഒരു യോഗം 28.12.2023 തീയതി 11.30 എ എം ന് ജോയിൻറ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി ചേർന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ജോയിന്റ് ഡയറക്ടർ യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

1. ശ്രീ.അനീഷ് റഹിം , തൈപ്പറമ്പിൽ , പിസി കവല എന്നയാൾ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ ലഭ്യമായിട്ടില്ല എന്ന പരാതി ജില്ലാതല അദാലത്ത് സമിതി യോഗത്തിൽ ചർച്ച ചെയ്തു.

2 . പരാതിക്കാരൻ തൻറെ ആവലാതകൾ യോഗത്തിൽ അവതരിപ്പിച്ചു. ചങ്ങനാശ്ശേരി- കവിയൂർ പിഡബ്ല്യൂഡി റോഡിനുവേണ്ടി പരാതിക്കാരൻ തൻറെ സ്ഥലം വിട്ടുനൽകിയിട്ടുണ്ടെന്നും ആയത് അദാലത്ത് സമിതി പരിഗണിക്കണമെന്നും യോഗത്തിൽ പറഞ്ഞു.

3. ആയത് സംബന്ധിച്ച് സെക്രട്ടറിയോട് അന്വേഷിച്ചതിൽ കോട്ടയം ജില്ലാ സർവ്വെ സൂപ്രണ്ടിൻറെ റിപ്പോർട്ടിൽ ചങ്ങനാശ്ശേരി- കവിയൂർ പിഡബ്ല്യൂഡി റോഡിൻറെ അതിരുകൾ ശരിയാണെന്നും സർവ്വെക്കല്ലുകൾ യഥാസ്ഥാനത്താണ് കിടക്കുന്നതെന്നും വ്യക്തമാക്കിയിട്ടുള്ളതും കൂടാതെ ബഹു.ത.സ്വ.ഭ.സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിൻറെ വിധിയിൽ ശ്രീ.അനീഷ് റഹിമിൻറെ വസ്തുവിൽ ടിയാൻ പറയുന്നതായ കുറവ് മുൻ ആധാരം പരിശോധിക്കുന്നതിൽ നിന്നും വ്യക്തമാകുന്നതാണെന്നും ആയതിനാൽ ടിയാൻറെ സ്ഥലം റോഡിന് പോയതുമൂലം കുറവ് വന്നതാണെന്ന വാദഗതി നിരാകരിച്ചിട്ടുള്ളതുമാണെന്ന് പായിപ്പാട് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

4 . ശ്രീ.അനീഷ് റഹിം 2009 ൽ നിർമ്മാണം പൂർത്തിയാക്കി എന്ന് പറയുന്ന X I ാം വാർഡിലെ കെട്ടിടം 06.03.2009 ലെ WP© NO.15656/2006(L) നമ്പർ കേരള ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം അനധികൃത നിർമ്മാണമാണെന്ന് വിധി പുറപ്പെടുവിക്കുകയും 24/07/2009 ൽ എ3/-3/04 നമ്പരായി പായിപ്പാട് ഗ്രാമപഞ്ചായത്തിൽ നിന്നും വിധി നടപ്പാക്കുന്നത് സംബന്ധിച്ച് കത്ത് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വീണ്ടും കെട്ടിടത്തിന് യാതൊരു വിധ മാറ്റത്തിരുത്തലുകളും വരുത്താതെ 26/12/2017 ൽ എ4/6760/2017 നമ്പരായി അപേക്ഷ സമർപ്പിച്ചെന്നും ആയതിന്മേൽ ഓവർസിയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ടി നിർമ്മാണം കെ.പി.ബി.ആർ 2011 റൂൾ 27(3), 27(5) പ്രകാരമുള്ള അകലങ്ങൾ പാലിക്കുന്നല്ലയെന്നും ഹാജരാക്കിയിട്ടുള്ള പ്ലാനിലെ പ്ലോട്ട് ഏരിയായും യഥാർത്ഥത്തിലുള്ള പ്ലോട്ട് ഏരിയായും തമ്മിൽ വ്യത്യാസം ഉള്ളതായും റിപ്പോർട്ട്

I/173402/2024

ചെയ്തതിൻെറ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് രേഖകൾ നൽകുന്നതിന് കത്ത് നൽകുകയും അതിനുശേഷം പരാതിക്കാരൻ കരുതലും കൈതാങ്ങും അദാലത്തിൽ പരാതി നൽകുകയും അദാലത്ത് തീരുമാന പ്രകാരം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള അപേക്ഷയും വിശദമായ പ്ലാനും റവന്യൂ രേഖകളും കെട്ടിട നിർമ്മാണ സോഫ്റ്റ് വെയർ ആയ സങ്കേതം മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകിയെങ്കിലും സെറ്റ് ബാക്ക് പാലിക്കാത്തതിനാൽ സോഫ്റ്റ് വെയർ മുഖേന അപേക്ഷ സമർപ്പിക്കാൻ കഴിയില്ല എന്ന്കാണിച്ച് 04.07.2023 ൽ ഒരു മറുപടി നൽകിയിട്ടുള്ളതും ആയത് പരിഗണിച്ച് സെറ്റ് ബാക്ക് ഇല്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ കഴിയില്ല എന്ന് കാണിച്ച് മറുപടി നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

5. ചങ്ങനാശ്ശേരി - കവിയൂർ പിഡബ്ല്യൂഡി റോഡിൽ നിന്നും അപേക്ഷകൻെറ മേൽ പരാമർശ കെട്ടിടത്തിൻെറ പില്ലറുകൾ പടിഞ്ഞാറുഭാഗത്ത് 1.2 മീറ്ററും കിഴക്ക് ഭാഗത്ത് 2.00 മീറ്ററും മാത്രമാണ് ദൂരപരിധിയുള്ളൂ എന്ന് കോട്ടയം ജില്ലാ സർവ്വെ സൂപ്രണ്ടിൻെറ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുമാണെന്നും ഉപജില്ലാ അദാലത്ത് സമിതി കൺവീനർ ജില്ലാ അദാലത്ത് സമിതി യോഗത്തിൽ അറിയിച്ചു.

6. മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി - കവിയൂർ പിഡബ്ല്യൂഡി റോഡിൽ നിന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 220( b) പ്രകാരമുള്ള ആവശ്യമായ ദൂരപരിധി ടി കെട്ടിടം പാലിക്കുന്നില്ലായെന്ന് അദാലത്ത് സമിതിക്ക് ബോധ്യപ്പെടുകയും ചെയ്തു. ശ്രീ.അനീഷ് റഹിം എന്നയാൾ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ 478/01 സർവ്വെ നമ്പരിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് 1 9 9 4 പ്രകാരം അനധികൃതമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുവാൻ സാധിക്കുകയില്ലായെന്ന് യോഗം വിലയിരുത്തി.

7.ചങ്ങനാശ്ശേരി - കവിയൂർ പിഡബ്ല്യൂഡി റോഡിൽ നിന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 1994 , വകുപ്പ് 220( b) പ്രകാരവും കെ.പി ബി ആർ , റൂൾ 27(3), 27(5) എന്നിവ പ്രകാരമുള്ള ദൂരപരിധി പാലിക്കുന്ന രീതിയിൽ കെട്ടിട നിർമ്മാണം ക്രമപ്പെടുത്തിയാൽ മാത്രമേ ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദാലത്ത് സമിതി പരാതിക്കാരനെ ബോധ്യപ്പെടുത്തി.

8. അപേക്ഷകൻ ജില്ലാ അദാലത്ത് സമിതി യോഗത്തിൽ അവതരിപ്പിച്ച മറ്റ് പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും അപേക്ഷകന് മറുപടി നൽകുന്നന്നതിനും ജില്ലാ അദാലത്ത് സമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം 1.30 പി എം ന് അവസാനിച്ചു.

പ്രസാദ് സി ആർ
കൺവീനർ & അസിസ്റ്റൻറ് ഡയറക്ടർ
സ്ഥിരം അദാലത്ത് സമിതി
കോട്ടയം

Signed by
Prasadc R
Date: 10-01-2024 15:11:44